# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3715 17.12.2015-ൽ മറുപടിയ്ക്ക്

### ഭീകരവാദി സംഘടനകളുടെ സാന്നിദ്ധ്യം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ | | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിവിധ ഭീകരവാദി സംഘടനകളുടെ സാന്നിദ്ധ്യം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് ഏതൊക്കെ സംഘടനകൾ; വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് ഭീകരവാദ സംഘടനയായ സി.പി.ഐ. (മാവോയിസ്റ്റ്) ന്റെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത സംഘടനകളുടെ രാജ്യവിരുദ്ധ പ്രവർത്തനം തടയുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; പ്രസ്തുത സംഘടനകൾക്ക് അനധികൃതമായി പണവും, മയക്കമരുന്നും, ആയുധങ്ങളും ലഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കുമോ ; | (ബി) | മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിന് വ്യക്തമായ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പിന്തുണയോടു കൂടി നിയമപരമായ രീതിയിൽ മാവോയിസ്റ്റ് ഭീഷണി നേരിടുവാൻ വേണ്ട നടപടികളാണ് മുഖ്യമായും കൈക്കൊണ്ടു വരുന്നത്. മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷൻ തലം മുതൽ ജില്ലാ പോലീസ് മേധാവി തലം വരെയുള്ള ഉദ്യോഗസ്ഥരെ ശരിയാംവണ്ണം തെരഞ്ഞെടുക്കുന്നതിലും ആവശ്യമായ പരിശീലനം നൽകുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തിയുള്ള കമാൻഡോ സംവിധാനവും നിലവിൽ വന്നിട്ടുണ്ട്. വനമേഖലകളിൽ ജനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിനു ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.<br><br>മാവോയിസ്റ്റുകൾക്ക് പണവും മയക്കമരുന്നും ആയുധങ്ങളും ലഭിക്കുന്നതായി ഇതുവരെയും വിവരങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. എന്നിരുന്നാലും ഇക്കാര്യത്തെപ്പറ്റി സൂക്ഷ്മ നിരീക്ഷണം നടത്തി വരുന്നുണ്ട്. |
| (സി) പ്രസ്തുത സംഘടനകളിൽ മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ട് എത്ര കാലമായി എന്നും ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര പേരെ പിടികൂടി എന്നും ഇവരുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങൾ ഏതെല്ലാം എന്നും വ്യക്തമാക്കുമോ; | (സി) | 2013 ഫെബ്രുവരി മാസം മുതലാണ് സംസ്ഥാനത്ത് മാവോവാദികളുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചത്.<br><br>ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ കേരളത്തിൽ മാവോയിസ്റ്റ് പ്രവർത്തനവും മാവോയിസ്റ്റ് അനുകൂല പ്രവർത്തനങ്ങളും നടത്തിയതുമായി ബന്ധപ്പെട്ട് |

28 പേരെ പിടികൂടിയിട്ടുണ്ട്. ഇവരിൽ നാലു പേരെ അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് പിടികൂടിയത്. കൂടാതെ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ സ്വന്തം നാട്ടിൽ നടത്തിയിട്ട് കേരളത്തിൽ ഒളിച്ചു പാർത്തിരുന്ന രണ്ടു അന്യ സംസ്ഥാനക്കാരെയും പിടികൂടിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിലെ ജില്ലകളായ മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ മുഖ്യമായും, സംസ്ഥാനത്തെ മറ്റു ചില പ്രദേശങ്ങളിലും അവരുടെ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നാളിതുവരെ രാജ്യ സുരക്ഷയ്ക്ക് ഭീഷണിയായ മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം കണ്ടെത്തി തടയുവാനായി എത്ര തുക ചെലവാക്കി ; ഇവരിൽ ആരുടെയെല്ലാം പേരിൽ ഏതെല്ലാം സ്റ്റേഷനുകളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പേരെ പിടികൂടി; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) മാവോയിസ്റ്റുകളുടെ പ്രവർത്തനത്തിന് അനുകൂലമായ സാഹചര്യം ഉടലെടുക്കാതിരിക്കുന്നതിനും ഇവർ ഉന്നം വയ്ക്കുന്ന ജന വിഭാഗങ്ങളായ ആദിവാസികൾ, ഗോത്രവർഗക്കാർ മുതലായവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുമായി വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി തുകകൾ ചിലവാക്കിയിട്ടുണ്ട്. മാവോയിസ്റ്റുകളെ പിടികൂടുന്നതിനു മാത്രമായി പ്രത്യേക തുക ചെലവായിട്ടില്ല. ഇത് കൂടാതെ ആധുനികമായ സന്നാഹങ്ങൾ കൈവശമുള്ളവരെ നേരിടാൻ പ്രത്യേക സേനാ വിഭാഗം രൂപീകരിക്കുന്നതിനും നിലവിലുള്ള സേനാംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്കേരളത്തിൽ മാവോയിസ്റ്റ് പ്രവർത്തനവും മാവോയിസ്റ്റ് അനുകൂല പ്രവർത്തനങ്ങളും നടത്തിയതുമായി ബന്ധപ്പെട്ട് 28 പേരെ പിടികൂടിയിട്ടുണ്ട്. ഇവരിൽ നാലു പേരെ അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് പിടികൂടിയത്. കൂടാതെ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ സ്വന്തം നാട്ടിൽ നടത്തിയിട്ട് കേരളത്തിൽ ഒളിച്ചു പാർത്തിരുന്ന രണ്ടു അന്യസംസ്ഥാനക്കാരെയും പിടികൂടിയിട്ടുണ്ട്. ഇവരുടെ പേരിൽ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 105 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(ഇ) പ്രസ്തുത കാലയളവിനുള്ളിൽ ഇത്തരം ഭീകരസംഘടനകളുടെ ആക്രമണത്താൽ മരണപ്പെട്ടവർ എത്രയെന്നും ; എത്ര പേർക്ക് അംഗവൈകല്യം സംഭവിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഇ) മാവോയിസ്റ്റുകളുടെ ആക്രമണത്താൽ ആർക്കും ജീവഹാനിയോ അംഗവൈകല്യമോ സംഭവിച്ചിട്ടില്ല.

| | |
|---|---|
| (എഫ്) പ്രസ്തുത സംഘടനകളുടെ ഭാഗത്ത് നിന്നും സംസ്ഥാനത്തെ ഏതെല്ലാം രാഷ്ട്രീയ കക്ഷികളുടെ ഏതെല്ലാം നേതാക്കൾക്ക് നിലവിൽ ഭീഷണിയുണ്ട്; വിശദാംശം വ്യക്തമാക്കുമോ ? | (എഫ്) സംസ്ഥാനത്തെ രാഷ്ട്രീയ കക്ഷികളുടെ നേതാക്കൾക്ക് മാവോയിസ്റ്റുകളിൽ നിന്നും നിലവിൽ ഭീഷണികൾ ഒന്നുമില്ല. |

സെക്ഷൻ ഓഫീസർ